ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 41 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററുകളിൽ പ്ലംബിംഗ്, കാർപെന്ററി, കട്ടിംഗ് ആന്റ് ടെയ്ലറിംഗ്, പെയിന്റിംഗ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, മെക്കാനിക്ക്, റേഡിയോ ആന്റ് ടെലിവിഷൻ, സർവെയർ, വെൽഡർ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, മെക്കാനിക്ക്, ഇലക്ട്രോണിക്സ് എന്നീ ട്രേഡുകളിൽ തൊഴിൽ പരിശീലനം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ നെയ്ത്ത്, ചൂരൽപ്പണി, മരപ്പണി, ടെയ്ലറിംഗ് എന്നീ തൊഴിലുകളിൽ പരിശീലനം നൽകുകയും ഇവർക്ക് വകുപ്പുതലത്തിൽ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തുവരുന്നു. കൂടാതെ എൻ.സി.വി.റ്റി. സിലബസ് പ്രകാരം ഇലക്ട്രീഷ്യൻ, കാർപ്പന്ററി, പ്ലംബർ എന്നീ ട്രേഡുകളിലും പരിശീലനം നൽകിവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിയിൽ ഒരു തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ കണ്ണവത്ത് റാട്ടൻ പരിശീലനത്തിന് ഒരു ക്രാഫ്റ്റ് സെന്ററും പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) കണ്ണവം ക്രാഫ്റ്റ് സെന്റർ 2004 ഒക്ടോബർ വരെ പ്രവർത്തിച്ചിരുന്നു. 2004 നവംബർ മുതൽ പരിശീലനാർത്ഥികൾ ആരും സ്ഥാപനത്തിൽ ഹാജരായിട്ടില്ല. വനംവകുപ്പ് ഇവിടെ ആരംഭിച്ചിട്ടുള്ള ഇതേ തൊഴിലിലുള്ള പരിശീലന കേന്ദ്രത്തിൽ ആകർഷണീയമായ ആനുകൂല്യങ്ങൾ നൽകുന്നതിനാൽ പരിശീലനാർത്ഥികൾ പ്രസ്തുത സ്ഥാപനത്തിൽ ചേർന്നതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. കണ്ണവത്ത് ഫോറസ്റ്റ് വകുപ്പിന്റെ പരിശീലനകേന്ദ്രം ആരംഭിച്ച സ്ഥിതിക്ക് ഈ വകുപ്പിന്റെ സ്ഥാപനം കൂടുതൽ പ്രയോജനകരമായ മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

നടക്കാവ് മാതൃകാ റസിഡൻഷ്യൽ വിദ്യാലയത്തിലെ തസ്തികകൾ

181 [1708] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ നടക്കാവ് മാതൃകാ റസിഡൻഷ്യൽ വിദ്യാലയത്തിൽ എന്തൊക്കെ തസ്തികകളാണ് ആവശ്യമായിട്ടുള്ളതെന്നും അവയിലേതൊക്കെ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ ;

(ബി) അനുവദിക്കപ്പെട്ട തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം അറിയിക്കാമോ ;

(ഡി) തസ്തികൾ ഇനിയും അനുവദിക്കാൻ ഉണ്ടെങ്കിൽ അവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 27-9-2002-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 56/02/പജ.പവ. വിവ. പ്രകാരം കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 5-ാം ക്ലാസ് ആരംഭിച്ചപ്പോൾ താഴെ പറയുന്ന തസ്തികൾ അനുവദിച്ചിട്ടുണ്ട്.

ഹെഡ്മാസ്റ്റർ	-	1
ഗ്രാഡ്വേറ്റ് ടീച്ചർ	-	1
ഗ്രാഡ്വേറ്റ് ഹിന്ദി ടീച്ചർ	-	1
ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ	-	1
മാനേജർ-കം-റസിഡന്റ് ടീച്ചർ	-	1
എൽ.ഡി. ക്ലാർക്ക്	-	1
കുക്ക്	-	1
ഹെൽപ്പർ	-	1
പ്യൂൺ	-	1
വാച്ചർ	-	1
സ്വീപ്പർ	-	1
ആയ	-	1

ഇപ്പോൾ ഈ സ്കൂളിൽ 8-ാം ക്ലാസ് വരെയുള്ളതിനാൽ 6-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെ അനുവദിക്കേണ്ട തസ്തികകൾ താഴെ കൊടുക്കുന്നു.

6-ാം സ്റ്റാൻഡേർഡ്

ഗ്രാഡ്വേറ്റ് ടീച്ചർ	-	1
സ്പെഷ്യൽ ടീച്ചർ	-	1
കുക്ക്	-	1

7-ാം സ്റ്റാൻഡേർഡ്

ഗ്രാഡ്വേറ്റ് ടീച്ചർ	-	1
സ്പെഷ്യൽ ടീച്ചർ	-	1

8-ാം സ്റ്റാൻഡേർഡ്

ഗ്രാഡ്വേറ്റ് ടീച്ചർ	-	1
മലയാളം ടീച്ചർ	-	1
സീനിയർ സൂപ്രണ്ട്	-	1
മെസ് ബോയ്	-	1

(ബി) ഇല്ല

(സി) ബാധകമല്ല

(ഡി) 6 മുതൽ 10 വരെ ക്ലാസുകളിലേയ്ക്ക് ആവശ്യമായ തസ്തികൾ അനുവദിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly